(ബി) ഭരണഘടനാനുസൃതം അധികാരത്തിൽ വന്ന വനിതാ പ്രസിഡന്റുമാർക്കും ചെയർമാൻമാർക്കും എതിരെ പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളുടെ യോഗം നടക്കുമ്പോഴുണ്ടാകുന്ന ഇത്തരം നടപടികളെ നിരുൽത്സാഹപ്പെടുത്തുവാൻ എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങളിൽ ഏർപ്പെടുന്ന അംഗങ്ങളെയും കൗൺസിലർമാരെയും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന വിധത്തിൽ നിയമത്തിൽ മാറ്റംവരുത്തുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

മാലിന്യം നിറഞ്ഞ ഓടകൾ വൃത്തിയാക്കാൻ നടപടി

80 (836) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെയും മുനിസിപ്പൽ കോർപ്പറേഷന്റെയും അതിർത്തിക്കുള്ളിലുള്ള ഓടകൾ വൃത്തിയാക്കുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കാറുണ്ടോ ;

(ബി) ഓടകളിലെ മാലിന്യങ്ങൾ നീക്കാത്തതുകാരണം കൊതുക്, എലി, പാറ്റ മുതലായ ക്ഷുദ്ര ജീവികൾ മൂലമുണ്ടാകുന്ന രോഗങ്ങൾ പൊതുവേ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ ;

(ഡി) ഓടകൾ വൃത്തിയാക്കാനും അവയുടെ പൊട്ടിയ സ്ലാബുകൾക്കു പകരം പുതിയ സ്ലാബുകൾ ഇടുവാനും നിർദ്ദേശം നല്കുമോ ;

(ഇ) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ജി. ജി. ആശുപത്രിക്കു മുൻവശമുള്ള മാലിന്യം നിറഞ്ഞ ഓടവൃത്തിയാക്കി അവിടെ ഓടയുടെ തുറന്നു കിടക്കുന്ന ഭാഗത്ത് സ്ലാബുകൾ ഇടുവാൻ ആവശ്യമായ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിക്ക നഗരസഭകളും ശ്രദ്ധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മാലിന്യങ്ങൾ യഥാസമയം മാറ്റാത്തതുകാരണം രോഗങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള പരാതികൾ ഉണ്ട്. മാലിന്യങ്ങൾ കൂടിക്കിടക്കുന്നതുമൂലം രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഇ) ഈ റോഡ് പൊതുമരാമത്ത് വകുപ്പ് വകയാണ്. പ്രസ്തുത വകുപ്പാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

നഗരങ്ങളും പഞ്ചായത്തുകളും മാലിന്യവിമുക്തമാക്കാൻ നടപടി

81 (837) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ചപ്പുചവറുകളും മാലിന്യങ്ങളും കുന്നുകൂടി കിടന്ന് പരിസ്ഥിതി പ്രശ്നങ്ങളും, പകർച്ചവ്യാധികളും മറ്റ് പലവിധ രോഗങ്ങളും പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നഗരങ്ങളും പഞ്ചായത്തുകളും മാലിന്യമുക്തമാക്കി, പകർച്ചവ്യാധികളുണ്ടാക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കൊതുകുകൾ പെരുകുന്നത് തടയുന്നതിനും കൊതുക് നിർമ്മാർജ്ജനത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നഗരങ്ങളും പഞ്ചായത്തുകളും മാലിന്യവിമുക്തമാക്കുന്നതിനും ക്ലീൻ കേരളാ പ്രോജക്ട് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകളും കോർപ്പറേഷനുകളും സ്ഥാപിക്കുന്ന ഖരമാലിന്യ പ്ലാന്റിന്റെ മൂലധന ചെലവ് 2003-04, 2004-05 വാർഷിക പദ്ധതികളിലെ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നല്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഖരമാലിന്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം നല്കുന്നതിന് 2003-04-ലെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ വാർഡുകളിൽ നടപ്പിലാക്കിയ രാത്രികാല ശുചീകരണ പരിപാടി എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly